## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 27-10-2011 ൽ മറുപടിയ്ക്ക്
ചോദ്യം നമ്പർ: 5809

### കൃഷി ചെയ്യാവുന്ന തരിശ് ഭൂമി കൃഷിയുക്തമാക്കുന്നതിന് നടപടി

ചോദ്യം
ശ്രീ.എം.വി.ശ്രേയാംസ് കുമാർ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയതുമൂലം നെൽകൃഷിയുടെ വിസ്തൃതിയിലും ഉൽപാദനത്തിലും പുരോഗതിയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്.
2007-2008 മുതൽ 2009-2010 വരെയുള്ള നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും ചുവടെ ചേർക്കുന്നു.

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉല്പാദനം (മെ.ടൺ) |
|---|---|---|
| 2007-08 | 228938 | 528488 |
| 2008-09 | 234265 | 590241 |
| 2009-10 | 234013 | 598339 |

2008-09 വർഷത്തിൽ നെല്ലിന്റെ വിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായി. 2009-10 വർഷത്തിൽ വിസ്തൃതിയിൽ നേരിയ കുറവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. എന്നാൽ നെല്ലിന്റെ ഉല്പാദനത്തിൽ 2008-09 വർഷം മുതൽ വർദ്ധനവ് ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് കൃഷി ചെയ്യാവുന്ന തരിശ്ഭൂമി കൃഷിയുക്തമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി ചെയ്യാവുന്ന തരിശുഭൂമി ഭൂഉടമകളുടെ സമ്മതത്തോടെ ഏറ്റെടുത്ത് സന്നദ്ധ സംഘങ്ങൾ, കുടുംബശ്രീ, വനിതാഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവർ മുഖേന കൃഷി ഭവൻ വഴിയുള്ള സാമ്പത്തിക സാങ്കേതിക സഹായത്തോടെ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിനായി 5 കോടി രൂപ വിനിയോഗിക്കും.

(സി) വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നെല്ലുൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും കർമ്മപരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ